പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3951 15.12.2014-ൽ മറുപടിക്ക്

ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സ്

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് നിന്ന് പടിഞ്ഞാറത്തറ ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്. ആർ.ടി.സി ബസ്സ് മൊതക്കര വരെ നീട്ടുന്നതു സംബന്ധിച്ച സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും (സി) യും | സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത സർവ്വീസ് മൊതക്കര വരെ നീട്ടുന്നത് കോർപ്പറേഷന് ലാഭകരവും ജനങ്ങൾക്ക് ഗുണകരവുമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ പടിഞ്ഞാറത്തറ കെ.എസ്.ഇ.ബി വളപ്പിൽ സുരക്ഷിതമായി പാർക്ക് ചെയ്യുന്ന ബസ് മൊതക്കര വരെ നീട്ടിയാൽ റോഡിൽ സുരക്ഷിതമല്ലാതെ പാർക്ക് ചെയ്യേണ്ടി വരുമെന്നതിനാൽ പ്രസ്തുത സർവ്വീസ് തൽക്കാലം ദീർഘിപ്പിക്കുവാൻ കഴിയില്ല. |
| (ബി) | പ്രസ്തുത സാധ്യതാ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള പ്രധാന നിഗമനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതുമൂലം പ്രസ്തുത സർവ്വീസ് കൂടുതൽ ലാഭകരമാക്കാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ